**പതിന്നാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തനിയമസഭാ ചോദ്യം നം. 1101 30/09/2016 ന് മറുപടിക്ക്

**തെരുവുനായ്ക്കളുടെ നിയന്ത്രണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ.സി.കെ.ശശീന്ദ്രൻ | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കേണ്ടത് അനിവാര്യമായതിനാൽ ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) തെരുവു നായ ശല്യം പരിഹരിക്കുന്നതിന് ശാസ്ത്രീയവും നിയമപരവുമായ മാർഗ്ഗം Animal Birth Control പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ്. ആയതിന് വേണ്ട നിർദ്ദേശം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കൂടാതെ താഴെപറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.<br>1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങൾ ചട്ടം4 അനുശാസിക്കുംപ്രകാരമുള്ള ഗ്രാമപഞ്ചായത്ത് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.<br>2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനതുഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കുക.<br>3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിന് വേണ്ടി അവയെ നിശ്ചിത ദിവസത്തേയ്ക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേയ്ക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.<br>4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേയ്ക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമ |

| | | |
|---|---|---|
| | | പഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗ സംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.<br>5. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ ടിയാളുകൾക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.<br>6. മൃഗസംരക്ഷണ സംഘാടകർ ഗ്രാമപഞ്ചായത്തു കളിൽ രജിസ്റ്റർ ചെയ്യുക.<br>ഇവ കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22/08/2016 ൽ കൂടിയ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 27/08/2016 ൽ 45151/RC3/2014/തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും ജില്ലാപഞ്ചായത്ത് ഭാരവാഹികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച നടപടി വിവരങ്ങൾ ഈ വകുപ്പിന്റെ website ൽ പ്രസിദ്ധീകരിക്കുകയും പ്രവർത്തനങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുന്നുമുണ്ട്. |
| ബി) | തെരുവുനായ്ക്കളുടെ നിയന്ത്രണം, വന്ധ്യംകരണം, പേവിഷത്തിനെതിരായ വാക്സിനേഷൻ എന്നിവ സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനമാണ് ഏകോപിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) മൃഗസംരക്ഷണ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്നാണ് തെരുവ് നായകളുടെ നിയന്ത്രണം സംബന്ധിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നത്. ജില്ലാ തലത്തിൽ പദ്ധതികളുടെ നിർവ്വഹണം ഏകോപിപ്പിക്കുന്നത് ജില്ലാ കളക്ടർമാരാണ്. |

| | | |
|---|---|---|
| സി ) | അനിമൽ വെൽഫെയർ ബോർഡിന്റെയും സർക്കാർ ഇതര സംഘടനകളുടെയും സഹായത്തോടെ പേവിഷബാധയ്ക്കെതിരായ പ്രചരണ പരിപാടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) 27.08.2016-ലെ 45151/ആർ.സി3/16/ തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം സന്നദ്ധരായ മൃഗക്ഷേമ സംഘടനകളുടെ സേവനം തെരുവ് നായ്ക്കളുടെ വന്ധ്യംകരണ ത്തിനും തുടർന്നുള്ള പരിപാലനത്തിനും ഉപയോഗപ്പെടുത്താവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ